# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ.എം. അനശ്വരന്റെ ചികിൽസയ്ക്ക് നേരിട്ട ചെലവ്- മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം.2952/2014/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 12/11/2014**

---

പരാമർശം:- 1) ശ്രീ. എം.എസ്.അനശ്വരന്റെ 11/02/2011 ലെ അപേക്ഷ
2) പഞ്ചായത്ത് ഡയറക്ടറുടെ 19/03/2014 ലെ എഫ്2-29857/2010 നമ്പർ കത്ത്.
3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 10/02/2014 ലെ MH5/7198/13/DHS നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്ത് ആഫീസിലെ ഹെഡ് ക്ലാർക്ക് ശ്രീ. എം.എസ്.അനശ്വരന് കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്ന ആശുപത്രിയിൽവച്ച് ഹൃദയസംബന്ധമായ രോഗത്തിന് ചികിൽസ നടത്തിയ ഇനത്തിൽ ചെലവായ തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം 3 ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് ചികിൽസ നടത്തിയ ഇനത്തിൽ ചെലവായ 84,199/-രൂപ (രൂപ എൺപത്തിനാലായിരത്തി നൂറ്റി തൊണ്ണൂറ്റി ഒൻപത് മാത്രം) അപേക്ഷകന് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് ആഫീസിലെ ഹെഡ് ക്ലാർക്ക് ശ്രീ. എം.എസ്. അനശ്വരന് കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്ന ആശുപത്രിയിൽവച്ച് ഹൃദയസംബന്ധമായ അസുഖത്തിന് ചികിൽസ നടത്തിയ ഇനത്തിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പു ഡയറക്ടർ സൂക്ഷ്മപരിശോധന

നടത്തി അനുവദനീയമെന്ന് കണ്ടെത്തിയ തുകയുടെ 80% തുകയായ 67,359/-രൂപ (രൂപ അറുപത്തി ഏഴായിരത്തി മൂന്നൂറ്റി അൻപത്തി ഒൻപത് മാത്രം) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നു കാണുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പഞ്ചായത്ത് ഡയറക്ടർ ഉറപ്പു വരുത്തി ശ്രീ. എം.എസ്. അനശ്വരന്റെ ചികിൽസയ്ക്ക് നേരിട്ട ചെലവിൽ അനുവദനീയമായ തുകയുടെ 80% തുകയായ 67,359/-രൂപ (രൂപ അറുപത്തി ഏഴായിരത്തി മൂന്നൂറ്റി അൻപത്തി ഒൻപത് മാത്രം) ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അപേക്ഷകന് അനുവദിക്കുന്നതിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**സെൽവരാജൻ.എൽ**
**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകളും അനുബന്ധങ്ങളും സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(LBA&A) തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് , തിരുവനന്തപുരം
സെക്രട്ടറി, ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ.
ശ്രീ.എം.എസ്.അനശ്വരൻ, ഹെഡ്ക്ലാർക്ക്, ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ
ധനകാര്യ വകുപ്പ് (04/08/2014 ലെ യു.ഒ നമ്പർ 54037/L3/14/fin പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ